മി. സ്പീക്കർ: 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: വൈകുന്നേരം മാജിക് ഷോ വച്ചിരിക്കുന്നതുകൊണ്ട് മറ്റൊരു ബില്ലിലേക്ക് ഇപ്പോൾ കടക്കുന്നില്ല. അതേസമയം ബി.എ.സി.യുടെ തീരുമാനമനുസരിച്ചുതന്നെ Payment of Pension to Members of Legislature എന്ന ബിൽ എല്ലാവരും എഗ്രി ചെയ്തതാണ്. അതിൽ ശ്രീ. കടമ്മനിട്ട രാമകൃഷ്ണന് ഒരു സാങ്കേതികത്വത്തിന്റെ പേരിൽ പെൻഷൻ കൊടുക്കുന്നില്ല. അദ്ദേഹം കേന്ദ്രഗവൺമെന്റ് എംപ്ലോയിയാണ്. പിന്നെ ഒരു മെമ്പറും സ്പൗസും മരിച്ചുപോയാൽ, unmarried daughter-ക്ക് ഈ ആനുകൂല്യം കിട്ടണമെന്നുള്ളതും പെൻഷൻ 12,500 രൂപ എന്നുള്ളത് 17,500 രൂപയാക്കണമെന്നുള്ളതുമാണ് ബില്ലിലെ വ്യവസ്ഥകൾ. അത് എല്ലാവരും എഗ്രി ചെയ്തതാണ്. ഗവർണർ കോട്ടയത്തായതുകൊണ്ടും ഇന്നലെ ഒപ്പിട്ടുകിട്ടാൻ വിഷമമായതുകൊണ്ടും ഇന്നലെ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിന് പ്രത്യേകസമയം അനുവദിക്കുകയാണ്.

(2) 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആദ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, അങ്ങയുടെ അറിവിനുവേണ്ടി, സമയത്തിന്റെ പരിമിതികൊണ്ട് ഒരു സബ്മിഷൻകൂടി എനിക്കുണ്ട്. ഇന്ന് രാത്രി 8 മണിക്കുതന്നെ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റി കൂടുകയാണെങ്കിൽ നാളെ ഇത് പരിഗണനയ്ക്കെടുക്കാം.

മി. സ്പീക്കർ: നമുക്ക് ഒരു നിയമനിർമ്മാണം കൂടിയുണ്ട്. പക്ഷേ, നമ്മളത് തുടങ്ങുകയാണെങ്കിൽ.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ഇതിൽ വളരെ കുറച്ച് കാര്യങ്ങളെയുള്ളൂ. എല്ലാവരും സഹകരിക്കുകയാണെങ്കിൽ പെട്ടെന്ന് പാസ്സാക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: ഞങ്ങളും ഭക്ഷണം കഴിക്കാതെ തന്നെയാണ് ഇരിക്കുന്നത്.....(ബഹളം).....ഞങ്ങൾ സഹായിക്കുകയും മര്യാദകെട്ടവർ എന്ന വാക്ക് കേൾക്കേണ്ടി വരികയും വേണം. അതുകൊണ്ട് എന്തായാലും ഭക്ഷണം കഴിച്ചിട്ട് ഇരിക്കാം.

ശ്രീ. കെ. സി. ജോസഫ്: മര്യാദകെട്ടവർ എന്നു ഞാൻ പറഞ്ഞില്ല..... (ബഹളം).....ഈ സഭയിൽ പൊതുവെ ഒരു ധാരണയുണ്ട്..... (ബഹളം) .....എം.എൽ.എ.മാർ 15 പേർ ഊണുകഴിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ലഞ്ച് ബ്രേക്കില്ല. ആ സമയത്തു പോൾ ചോദിക്കുന്നതു ഫെയറല്ല..... (ബഹളം) .....അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പാസ്സാക്കാൻ പോകുന്നസമയത്താണ് ഞങ്ങൾ പോൾ ആവശ്യപ്പെട്ടത്. ഞങ്ങൾ രണ്ട് മണിക്കൂറായി സംസാരിക്കുന്നതും ആ വിഷയം തന്നെയാണ്. ഞങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് അവതരിപ്പിച്ചത്. ആ ഭേദഗതിക്ക് ഞങ്ങൾ പോൾ ആവശ്യപ്പെട്ടില്ലെങ്കിൽ അത് ഏകകണ്ഠമായി

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കി എന്നല്ലേ അർത്ഥം? ഞങ്ങൾക്ക് എതിർപ്പുള്ള ഒരു ബില്ലാണിത്. അതങ്ങനെ അംഗീകരിക്കാൻ പറ്റില്ല. ഞങ്ങളുടെ എതിർപ്പ് ഞങ്ങൾക്ക് പ്രകടിപ്പിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം ക്ളാരിഫൈ ചെയ്തു കഴിഞ്ഞു. എന്ത് പദപ്രയോഗം നടത്തി എന്നു ഞാൻ സത്യത്തിൽ കേട്ടില്ല. പിന്നെ ഒരു മെമ്പറോടു പിൻവലിക്കണമെന്ന് നിർബന്ധിക്കാനൊന്നും ചെയറിനവകാശമില്ല. ചെയറിനാകെ ചെയ്യാൻ കഴിയുന്ന ഒരു കാര്യം, അൺപാർലമെന്ററിയായിട്ടു എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതു രേഖയിൽ നിന്നും നീക്കം ചെയ്യാമെന്നല്ലാതെ, I cannot compel anybody.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ദീർഘമായ ഒരു ചർച്ചയുടെ ആവശ്യം ഇവിടെയില്ല. Improper ആണെന്ന് പറഞ്ഞു, നമ്മൾ ആ പ്രശ്നം ഇവിടെ തീർത്തു. ഇനി വീണ്ടും ഇതു ചർച്ചയ്ക്ക് എടുത്ത് പ്രശ്നമാക്കേണ്ട കാര്യമില്ല. ശ്രീ. കെ. സി. ജോസഫ് അതു പറയുകയും ചെയ്തു. അതോടുകൂടി ആ പ്രശ്നം തീരുകയും ചെയ്തു. ഇംപ്രോപ്പർ എന്നാണ് പറഞ്ഞത്.....(ബഹളം)..... ദയവായി ആ അർത്ഥത്തിൽ മാത്രമേ അതെടുക്കാൻ പാടുള്ളൂ. ഇംഗ്ളീഷിൽ പറഞ്ഞിരുന്നുവെങ്കിൽ ഇത്ര പ്രശ്നം വരില്ലായിരുന്നു.

മി. സ്പീക്കർ; ഇവിടെ വാശിപിടിച്ച് ചെയ്യേണ്ട കാര്യമില്ല. രണ്ട് മണിക്ക് നമുക്ക് കൂടാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ; ഇന്നിപ്പോൾ രണ്ട് ബില്ലുകളാണ് ഷെഡ്യൂൾ ചെയ്തിട്ടുള്ളത്. അതിന്റെ സ്ഥിതി എന്താകുമെന്നറിയില്ല. രണ്ട് മണിക്ക് വേറെ ചർച്ച തുടങ്ങുകയാണ്. ആറര മണിക്ക് അഞ്ച് ഫിക്സ്ചെയ്ത മറ്റൊരു പ്രോഗ്രം ഉണ്ട്. ഇതിന്റെയെല്ലാം കൂട്ടത്തിൽ എങ്ങനെയാണ് ഇതു ഷെഡ്യൂൾ ചെയ്യുന്നതെന്നു പറഞ്ഞാൽ മറ്റുകാര്യങ്ങളിലേക്ക് കടക്കാം.

മി. സ്പീക്കർ: ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തെക്കുറിച്ചുള്ള രണ്ട് മണിക്കൂർ ചർച്ച നമ്മൾ നേരത്തെ അനൗൺസ് ചെയ്തതാണ്. പത്രക്കാർ വരും, ലൈവ് സംവിധാനങ്ങളുണ്ട്, അതുകൊണ്ട് സ്വാഭാവികമായും കുറച്ചുസമയം നീളുന്നതിൽ വിരോധമില്ല. രണ്ട് മണിക്കൂർ എന്നുള്ളത് മൂന്ന് മണിക്കൂർ നീളുകയാണെങ്കിൽത്തന്നെ നമുക്ക് അതു കഴിഞ്ഞ് ഷെഡ്യൂൾ പ്രകാരമുള്ള ബിൽ എടുക്കാവുന്നതാണ്. ചർച്ച ചെയ്യാൻ സമയം കിട്ടും. അതുകൊണ്ട് എല്ലാവരും സഹകരിച്ചാൽ നമുക്ക് അങ്ങനെ ചെയ്യാം. രണ്ട് മണിക്കൂർ ചർച്ച മൂന്ന് മണിക്കൂറിൽ ഒതുക്കിയെടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ കൃത്യം രണ്ട് മണിക്ക് ചട്ടം 130 അനുസരിച്ചുള്ള ചർച്ച ആരംഭിക്കാം. അങ്ങു പറഞ്ഞതു പോലെതന്നെ നാല് മണിക്ക് തീർക്കേണ്ട ചർച്ച വേണ്ടിവന്നാൽ നാലരമണിവരെ നീട്ടി അര മണിക്കൂർ കൂടി എടുക്കാം. അല്ലെങ്കിൽ സഭ അനിശ്ചിതമായി നീളും.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുശേഷം രണ്ടു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(ഉച്ചയ്ക്കുശേഷം രണ്ട് മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.55-ന് പിരിഞ്ഞു.)

2.00 P.M.] (ഇടവേളയ്ക്കായി ഉച്ചയ്ക്കുശേഷം 1.55-ന് നിർത്തിവച്ച സഭ 2.05-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

XI. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മി. സ്പീക്കർ: രണ്ട് മണിക്കൂർ ചർച്ചയാണ് നമ്മൾ ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ ബിസിനസ്സ് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കഴിയുന്നതും രണ്ട് മണിക്കൂറിനുള്ളിൽ നിർത്തണം. ഡ്രസ് ടൈം ഏറ്റവും കുറയ്ക്കുക. അല്ലെങ്കിൽ നമ്മുടെ പരിപാടികൾ നടത്താൻ പ്രയാസമായിരിക്കും.

നിയമസഭയെ അഭിസംബോധനചെയ്ത് രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമം കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് നിർദ്ദേശിച്ച പത്തിനപരിപാടി സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിരനടപടികൾ സംബന്ധിച്ച ചർച്ച.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, അഭിവന്ദ്യ രാഷ്ട്രപതി 2005 ജൂലൈ 28-ാം തീയതി സംസ്ഥാന നിയമസഭയെ അഭിസംബോധന ചെയ്തപ്പോൾ സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമം കൈവരിക്കുന്നതിനുംവേണ്ടി നിർദ്ദേശിച്ച പത്തിനപരിപാടി സമയബന്ധിതമായി നടപ്പാക്കുന്നതിനെയും അതിന് സ്വീകരിക്കേണ്ട അടിയന്തിരനടപടികളെയുംപറ്റി സഭ ചർച്ച ചെയ്യണം എന്ന ഉപക്ഷേപം 130-ാം ചട്ടപ്രകാരം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഞാൻ ഇതിനെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* രാഷ്ട്രപതിയുടെ പത്ത് missions-നെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly